# അനുപമ വ്യക്തിത്വം

## മൈക്ക്ൾ എച്ച്. ഹാർട്ട്

**മൈക്കൽ എച്ച്. ഹർട്ടിന്റെ The 100- A Ranking of the Most influencial personalities in History എന്ന വിഖ്യാത ഗ്രന്ഥത്തിലെ മുഹമ്മദ് നബിയെക്കുറിച്ച അധ്യായമാണ് ചുവടെ. ചരിത്രത്തിൽ ഏറ്റവു മധികം സ്വാധീനം ചെലുത്തിയ നൂറുപേരിൽ മുഹമ്മദ് നബിയെ പ്രഥമസ്ഥാനത്ത് പ്രതിഷ്ഠിച്ച ഗ്രന്ഥകർത്താവ് അതിന്റെ കാരണങ്ങൾ ഇതിൽ വിശദീകരിക്കുന്നു.**

**ലോകത്തിലെ** ഏറ്റവും സ്വാധീനശക്തിയുള്ള വ്യക്തികളുടെ പട്ടിക നയിക്കുവാൻ ഞാൻ മുഹമ്മദിനെ തിരഞ്ഞെടുക്കുന്നത് ചില വായനക്കാരെ അദ്ഭുതപ്പെടുത്തിയേക്കും. ചിലർ അതിനെ ചോദ്യം ചെയ്തേക്കും. എന്നാൽ മതപരവും ഭൗതികവുമായ തലങ്ങളിൽ ചരിത്രത്തിൽ ഏറ്റവും പരമമായ വിജയം കൈവരിച്ച വ്യക്തി അദ്ദേഹം മാത്രമായിരുന്നു.

എളിയ പ്രാരംഭത്തോടെ മുഹമ്മദ് ലോകത്തിലെ മഹത്തായ മതങ്ങളിലൊന്ന് സ്ഥാപിക്കുകയും പ്രബോധനം ചെയ്യുകയും അതിപ്രാപ്തനായ രാഷ്ട്രീയ നേതാവായിത്തീരുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണത്തിന് പതിമൂന്ന് നൂറ്റാണ്ടുകൾക്കുശേഷവും അദ്ദേഹത്തിന്റെ സ്വാധീനം ഇന്നും ശക്തവും സർവവ്യാപകവുമായിത്തുടരുകയാണ്.

ഈ ഗ്രന്ഥത്തിൽ പരാമർശിക്കപ്പെടുന്ന ഭൂരിപക്ഷം പേർക്കും നാഗരിക കേന്ദ്രങ്ങളിലോ ഉന്നത വൈജ്ഞാനികശേഷിയുള്ളതോ രാഷ്ട്രീയമായി തന്ത്രപ്രധാനമായതോ ആയ രാഷ്ട്രങ്ങളിലോ ജനിക്കുകയും വളരുകയും ചെയ്തു എന്ന ആനുകൂല്യമുണ്ടായിരുന്നു. എന്നാൽ ലോകത്തിലെ പിന്നാക്കപ്രദേശമായിരുന്ന, വ്യവസായത്തിന്റെയും കലയുടെയും വിജ്ഞാനത്തിന്റെയും കേന്ദ്രങ്ങളിൽനിന്ന് അകലെയായിരുന്ന മക്കയിലായിരുന്നു 571–ൽ മുഹമ്മദ് പിറന്നത്. ആറാം വയസ്സിൽ അനാഥനായ അദ്ദേഹം അനുദ്ധതമായ ചുറ്റുപാടിലായിരുന്നു വളർത്തപ്പെട്ടത്. അദ്ദേഹം അക്ഷരജ്ഞാനമില്ലാത്തവനായിരുന്നുവെന്ന് ഇസ്‌ലാമികചരിത്രം നമ്മോടു പറയുന്നു. ഇരുപത്തഞ്ചാം വയസ്സിൽ ഒരു സമ്പന്ന വിധവയെ വിവാഹം ചെയ്തതോടെ അദ്ദേഹത്തിന്റെ സാമ്പത്തിക നില പുരോഗമിച്ചു. എങ്കിലും, നാൽപതാം വയസ്സോടടുത്തപ്പോഴും, അദ്ദേഹമൊരു ശ്രദ്ധേയമായ വ്യക്തിയായിത്തീരുമെന്നതിന് ബാഹ്യമായ സൂചനകളൊന്നുമില്ലായിരുന്നു.

വളരെയധികം ദുർദേവതമാരിൽ വിശ്വസിച്ചിരുന്നവരായിരുന്നു അന്നത്തെ ഭൂരിപക്ഷം അറബികളും. എങ്കിലും മക്കയിൽ അൽപം യഹൂദരും ക്രൈസ്തവരുമുണ്ടായിരുന്നു; സർവ പ്രപഞ്ചത്തെയും ഭരിക്കുന്ന, സർവശക്തനും ഏകനുമായൊരു ദൈവത്തെക്കുറിച്ച് മുഹമ്മദ് പഠിച്ചത് നിസ്സംശയം ഈ മതവിഭാഗങ്ങളിൽനിന്നായിരുന്നു. നാൽപതുവയസ്സായപ്പോൾ, യഥാർഥമായ ഈ ഏകദൈവം (അല്ലാഹ്) തന്നോട് സംസാരിക്കുന്നുവെന്നും സത്യവിശ്വാസം പ്രചരിപ്പിക്കുന്നതിനായി തന്നെ തെരഞ്ഞെടുത്തിരിക്കുന്നുവെന്നും മുഹമ്മദിന് ബോധ്യമായി.

ഉറ്റവരോടും ഉടയവരോടും മാത്രമായിരുന്നു മൂന്നുവർഷങ്ങൾ മുഹമ്മദ് മതപ്രബോധനം നടത്തിയിരുന്നത്. പിന്നീട് 613–നോടടുത്ത് അദ്ദേഹം പൊതുവായ പ്രബോധനം തുടങ്ങി. സാവധാനത്തിൽ അദ്ദേഹം മതപരിവർത്തകരെ നേടിക്കൊണ്ടിരുന്നപ്പോൾ മക്കാ ഭരണാധികാരികൾ അദ്ദേഹത്തെ അപകടകരമായ ഒരു ശല്യമായി പരിഗണിക്കാൻ തുടങ്ങി. തന്റെ സുരക്ഷിതത്വത്തെക്കുറിച്ച ഭീതി നിമിത്തം മുഹമ്മദ് 622–ൽ മക്കായിൽനിന്ന് ഇരുനൂറ് നാഴികയകലെയുള്ള മദീനാനഗരത്തിലേക്ക് പലായനം ചെയ്തു. അവിടെ അദ്ദേഹത്തിന് ഗണ്യമായ രാഷ്ട്രീയാധികാരം വാഗ്ദാനം ചെയ്യപ്പെട്ടിരുന്നു.

പ്രവാചകന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു 'ഹിജ്റ' എന്നു വിവരിക്കപ്പെ

**മുഹമ്മദായിരുന്നു ഇസ്‌ലാമിന്റെ വൈദികശാസ്ത്രത്തിന്റെയും അതിന്റെ പ്രധാന ധാർമിക സദാചാര നിയമങ്ങളുടെയും ഉത്തരവാദി. മാത്രവുമല്ല, പുതിയ വിശ്വാസത്തിലേക്ക് അനുയായികളെ നേടിയെടുക്കുന്നതിലും മതാനുഷ്ഠാനങ്ങൾ സ്ഥാപിക്കുന്നതിലും പ്രധാന പങ്കുവഹിച്ചതും അദ്ദേഹം തന്നെയായിരുന്നു.**

ടുന്ന ഈ പലായനം. മക്കയിൽ അദ്ദേഹത്തിന് തുച്ഛം അനുയായികളേ ഉണ്ടായിരുന്നുള്ളൂ. മദീനയിൽ അനുയായികൾ ധാരാളമുണ്ടായിരുന്നുവെന്ന് മാത്രമല്ല, ഫലത്തിൽ അദ്ദേഹത്തെ 'സാത്വികനായ ഏകാധിപതി'യാക്കിയ (vitual dictator) ഒരു സ്വാധീനശക്തി നേടിയെടുക്കുകയും ചെയ്തു. അടുത്ത കുറച്ചുവർഷങ്ങൾക്കിടെ, മുഹമ്മദിന്റെ അനുയായികൾ ദ്രുതഗതിയിൽ വളർന്നുകൊണ്ടിരുന്നപ്പോൾ, മക്കക്കും മദീനക്കുമിടയിൽ ഒരു യുദ്ധ ശൃംഖല നടന്നു. 630–ൽ മുഹമ്മദ് ജേതാവായി വിജയകിരീടം ചൂടി മക്കയിലേക്ക് തിരിച്ചുചെന്നതോടെ ഈ യുദ്ധം അവസാനിച്ചു. തുടർന്നുള്ള രണ്ടരവർഷത്തെ തന്റെ ജീവിതത്തിനിടയിൽ, അറബ് ഗോത്രവർഗങ്ങൾ ഒന്നൊന്നായി ശീഘ്രഗതിയിൽ പുതിയമതത്തിലേക്ക് പരിവർത്തനം ചെയ്തു. 632–ൽ മുഹമ്മദ് മരിച്ചപ്പോഴേക്കും ദക്ഷിണ അറേബ്യയുടെ മുഴുവൻ പ്രബലനായ ഭരണകർത്താവായി മാറിയിരുന്നു അദ്ദേഹം.

അറബ് ഗോത്രവർഗക്കാർക്ക് കരുത്തരായ യോദ്ധാക്കളെന്ന ബഹുമതിയുണ്ടായിരുന്നു. പക്ഷേ, അവരുടെ അംഗസംഖ്യ ചെറുതായിരുന്നു; അന്തഃഛിദ്രവും അനൈക്യവും വിനാശകരമാംവിധം അവരെ ബാധിച്ചിരുന്നതിനാൽ ഉത്തരഭാഗങ്ങളിലെ സുസ്ഥിരമായ കാർഷിക ഭൂപ്രദേശങ്ങളിലുണ്ടായിരുന്ന രാജസ്വരൂപങ്ങളുടെ സൈന്യങ്ങളുമായി അവർക്കൊരിക്കലും കിടനിൽക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ, ചരിത്രത്തിലാദ്യമായി, മുഹമ്മദിനാൽ ഏകീകൃതരായി സത്യമായ ഒരു ദൈവത്തിലുള്ള തങ്ങളുടെ ദൃഢവിശ്വാസത്താൽ പ്രേരിതരായി ഈ ചെറിയ അറബ് സൈന്യങ്ങൾ, മനുഷ്യ ചരിത്രത്തിലെ ഏറ്റവും അദ്ഭുതകരമായ ദിഗ്വിജയ ശൃംഖലകളിലൊന്നിനൊരുങ്ങിപ്പുറപ്പെട്ടു. അറേബ്യയുടെ ഉത്തരപൂർവ ഭാഗത്ത് സാസാനികളുടെ പ്രവിശാലമായ നിയോ പേർഷ്യൻ സാമ്രാജ്യമായിരുന്നു കിടന്നിരുന്നത്. ഉത്തര പശ്ചിമ ഭാഗത്ത്, കോൺസ്റ്റാന്റിനോപ്പിൾ കേന്ദ്രമായി ബൈസന്റൈൻ അഥവാ പൂർവറോമാ സാമ്രാജ്യം സ്ഥിതിചെയ്തിരുന്നു. അംഗസംഖ്യയിൽ അറബികൾ തങ്ങളുടെ ശത്രുക്കളോടു കിടപിടിക്കാൻ ശേഷിയില്ലാത്തവരായിരുന്നു. എന്നിട്ടും യുദ്ധക്കളത്തിൽ ഉത്തേജിതരായ ഈ അറബികൾ മെസോപൊട്ടോമിയയും സിറിയയും ഫലസ്തീനും മുഴുവൻ ക്ഷണംകൊണ്ട് ജയിച്ചടക്കി. 642 ആയപ്പോഴേക്കും ബൈസന്റൈൻ സാമ്രാജ്യത്തിൽനിന്ന് ഈജിപ്ത് പിടിച്ചടക്കപ്പെട്ടു. 637–ലെ ഖാദിസിയ്യാ യുദ്ധത്തിലും 642–ലെ നനാവന്ദ് യുദ്ധത്തിലും വെച്ച് പേർഷ്യൻ സൈന്യങ്ങൾ തകർക്കപ്പെടുകയും ചെയ്തു. മുഹമ്മദിന്റെ അടുത്ത സ്നേഹിതന്മാരും ആദ്യാനുയായികളുമായിരുന്ന അബൂബക്കറിന്റെയും ഉമറുബ്നുൽ ഖത്താബിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ട ഈ വൻ ദിഗ്വിജയങ്ങൾ എങ്കിലും അറബ് മുന്നേറ്റത്തിന്റെ പരിസമാപ്തി കുറിച്ചില്ല. 711 ആയപ്പോഴേക്കും അറബ് സൈന്യങ്ങൾ ഉത്തരാഫ്രിക്ക തൊട്ട് അറ്റ്ലാന്റിക് സമുദ്രം വരെ മുഴുവനായും തൂത്തുവാരിയിരുന്നു. അവിടെനിന്ന് അവർ വടക്കോട്ട് തിരിഞ്ഞ് ജിബ്രാൾട്ടർ കടലിടുക്കും കടന്ന് സ്പെയിനിലെ വിസിഗോത്തിക് (visigothic) രാജ്യവും ഗ്രസിച്ചുകളഞ്ഞു.

മുസ്‌ലിംകൾ ക്രൈസ്തവ യൂറോപ്പിനെ ഒന്നാകെ വിഴുങ്ങിക്കളഞ്ഞേക്കുമെന്ന് ഒരു ഘട്ടത്തിൽ തോന്നിയിരുന്നു. എങ്കിലും 732–ൽ ഫ്രാൻസിന്റെ ഹൃദയഭാഗത്തേക്ക് നീങ്ങിയ ഒരു മുസ്‌ലിം സൈന്യത്തെ തൗർസിലെ പ്രസിദ്ധമായ യുദ്ധരംഗത്തുവെച്ച് (Battle of Tours) ഫ്രാങ്കുകൾ (Franks) പരാജയപ്പെടുത്തി. എന്നാലും വിരളമായ യുദ്ധത്തിന്റേതായ ഒരു നൂറ്റാണ്ടിനിടയിൽ, പ്രവാചകവചനങ്ങളാൽ ഉത്തേജിതരായ ഈ ബദവി ഗോത്രവർഗങ്ങൾ ഇന്ത്യൻ അതിർത്തികൾ മുതൽ അറ്റ്ലാന്റിക്സമുദ്രം വരെ പരന്നുകിടക്കുന്ന ഒരു സാമ്രാജ്യം കൊത്തിയെടുത്തിരുന്നു. ലോകം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാമ്രാജ്യമായിരുന്നു അത്. മാത്രമല്ല, സൈന്യങ്ങൾ എവിടെയെല്ലാം കീഴടക്കിയോ അവിടെയെല്ലാം പുതിയ വിശ്വാസത്തിലേക്കു ജനങ്ങൾ പ്രവഹിച്ചുകൊണ്ടിരുന്നു.

ഈ ദിഗ്വിജയങ്ങളെല്ലാമൊന്നും സ്ഥിരമായിരുന്നില്ല. പേർഷ്യക്കാർ പ്രവാചകന്റെ മതത്തിൽ പൂർണമായ വിശ്വസ്തത പുലർത്തുന്നതോടൊപ്പം തന്നെ അറബികളിൽനിന്ന് അവർ സ്വാതന്ത്ര്യം തിരിച്ചുനേടി. സ്പെയിനിൽ ഏഴു നൂറ്റാണ്ടുകൾ നീണ്ടുനിന്ന യുദ്ധത്തിനുശേഷം ക്രൈസ്തവർ മുഴുവൻ ഉപഭൂഖണ്ഡവും തിരിച്ചുപിടിച്ചു എങ്കിലും പൗരാണിക നാഗരികതയുടെ രണ്ടു കളിത്തൊട്ടിലുകളായ ഈജിപ്തും മെസൊപ്പൊട്ടോമിയയും അറബ് രാജ്യങ്ങളായിത്തന്നെ അവശേഷിച്ചിരിക്കുന്നു. ഉത്തര ആഫ്രിക്കയുടെ മുഴുവൻ തീരവും ഇപ്രകാരം തന്നെയാണ്. എന്നിട്ടും പുതിയ മതം തുടർന്നുവന്ന നൂറ്റാണ്ടുകളിൽ, മുസ്‌ലിംകൾ ജയിച്ചടക്കിയ അതിർത്തികൾക്കിപ്പുറത്തേക്കും പ്രചരിച്ചുകൊണ്ടേയിരുന്നു. ഇപ്പോഴതിനു ആഫ്രിക്കയിലും മധ്യേഷ്യയിലും മാത്രമല്ല പാകിസ്താനിലും ഉത്തര ഇന്ത്യയിലും ഇന്തോനേഷ്യയിലും ശതമില്യൻ കണക്കിൽ അനുയായികളുണ്ട്. ഇന്തോനേഷ്യയിൽ ഈ പുതിയ മതവിശ്വാസം ഒരു ഏകീകരണശക്തിയായി ഭവിച്ചു. എങ്കിലും ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഹിന്ദു–മുസ്‌ലിം സ്പർധ ഐക്യത്തിന്റെ മുമ്പിൽ ഇന്നും വിഘാതമായി നിലകൊള്ളുന്നു.

ഇപ്പോൾ, മനുഷ്യചരിത്രത്തിൽ മുഹമ്മദ് നേടിയ സർവവ്യാപകമായ സ്വാധീനത്തെ എങ്ങനെ വിലയിരുത്താം? എല്ലാ മതങ്ങളെയും പോലെ ഇസ്‌ലാമും അതിന്റെ അനുയായികളിൽ വമ്പിച്ച സ്വാധീനം പ്രയോഗിക്കുന്നു. ഇക്കാരണത്താലാണ് ലോകത്തിലെ മഹത്തായ മതങ്ങളുടെ സ്ഥാപകന്മാരെല്ലാവരും ഈ ഗ്രന്ഥത്തിൽ പ്രധാന വ്യക്തിത്വങ്ങളായി പരാമർശിതരായത്. ലോകത്തിൽ ക്രൈസ്തവർ മുസ്‌ലിംകളുടെ ഏകദേശം ഇരട്ടിയുണ്ട്. ഇതിനാൽ യേശുക്രിസ്തുവിനെക്കാളും ഉന്നതമായ ഒരു സ്ഥാനം മുഹമ്മദിന് നൽകുന്നത് ആദ്യം അത്ഭുതകരമായി തോന്നിയേക്കാം. ഈ തീരുമാനത്തിന് പ്രധാനമായ രണ്ടു കാര

ണങ്ങളാണുള്ളത്. ഒന്നാമതായി, ക്രൈസ്തവതയുടെ പുരോഗതിക്ക് യേശു ചെയ്തതിനെക്കാളുമെത്രയോ പ്രധാനപ്പെട്ട ഒരു പങ്കാണ് ഇസ്‌ലാമിന്റെ പുരോഗതിയിൽ മുഹമ്മദ് വഹിച്ചത്. ക്രൈസ്തവ മതത്തിന്റെ പ്രധാന സദാചാര നിയമങ്ങളുടെയും (ജൂതമതത്തിൽനിന്നും ഇവ വ്യത്യസ്തമെന്ന നിലയിൽ) ഉത്തരവാദി യേശുക്രിസ്തുവായിരുന്നുവെങ്കിലും ക്രിസ്ത്യൻ വൈദികശാസ്ത്രത്തെ പ്രധാനമായും വളർത്തിക്കൊണ്ടുവന്നത് സെന്റ് പോളായിരുന്നു. ക്രിസ്തുമതത്തിലേക്കുള്ള മതപരിവർത്തനങ്ങളുടെ പ്രധാന ഉത്തരവാദിയും പുതിയ നിയമത്തിൽ ഒരു വലിയ ഭാഗത്തിന്റെ രചയിതാവും സെന്റ് പോളായിരുന്നു.

എന്നാൽ മുഹമ്മദായിരുന്നു ഇസ്‌ലാമിന്റെ വൈദികശാസ്ത്രത്തിന്റെയും അതിന്റെ പ്രധാന ധാർമിക സദാചാര നിയമങ്ങളുടെയും ഉത്തരവാദി. മാത്രവുമല്ല, പുതിയ വിശ്വാസത്തിലേക്ക് അനുയായികളെ നേടിയെടുക്കുന്നതിലും മതാനുഷ്ഠാനങ്ങൾ സ്ഥാപിക്കുന്നതിലും പ്രധാന പങ്കുവഹിച്ചതും അദ്ദേഹം തന്നെയായിരുന്നു. ഇതിനും പുറമെ മുസ്‌ലിം വിശുദ്ധഗ്രന്ഥങ്ങളുടെ അഥവാ, ദൈവം തനിക്ക് അവതരിപ്പിച്ചുതന്നതാണെന്ന് മുഹമ്മദ് വിശ്വസിച്ച അദ്ദേഹത്തിന്റെ ചില ഉൾക്കാഴ്ചകളുടെ സമാഹാരമായ ഖുർആനിന്റെ ഗ്രന്ഥകർത്താവുമാണദ്ദേഹം. ഈ ഉച്ചരിതവചനങ്ങളെല്ലാം തന്നെ മുഹമ്മദിന്റെ ജീവിതകാലത്ത് ഏറിയോ കുറഞ്ഞോ വിശ്വസ്തമായി പകർത്തപ്പെടുകയും മരണത്തിനുശേഷം ഏറെക്കഴിയും മുമ്പുതന്നെ ആധികാരിക രീതിയിൽ ഒന്നിച്ചു സമാഹരിക്കപ്പെടുകയും ചെയ്തു. ഖുർആൻ ഇക്കാരണത്താൽ, മുഹമ്മദിന്റെ ആശയങ്ങളെയും അധ്യാപനങ്ങളെയും, ഒരു പ്രധാന പരിധിവരെ അദ്ദേഹത്തിന്റെ യഥാർഥമായ പദങ്ങളെയും അടുത്തവിധം പ്രതിനിധീകരിക്കുന്നു. ക്രിസ്തുവിന്റെ അധ്യാപനങ്ങളുടെ ഇത്രയും സൂക്ഷ്മമായ സമാഹരണം അതിജീവിച്ചിട്ടില്ല. ക്രൈസ്തവർക്ക് ബൈബിൾ എത്രത്തോളം പ്രധാനമാണ് അത്രത്തോളം പ്രധാനമാണ് മുസ്‌ലിംകൾക്ക് ഖുർആൻ എന്നതിനാൽ ഈ ഖുർആനെന്ന മാധ്യമത്തിലൂടെ മുഹമ്മദ് ചെലുത്തിയ സ്വാധീനം വമ്പിച്ചതാണ്. ആനുപാതികമായി, മുഹമ്മദിന് ഇസ്‌ലാമിലുള്ള സ്വാധീനം ക്രിസ്തുവിനും സെന്റ് പോളിനും കൂടി ക്രിസ്ത്യാനിറ്റിയിലുള്ള സ്വാധീനത്തിന്റേതിനേക്കാളും വലിയതാകാം. അപ്പോൾ തികച്ചും മതപരമായ തലത്തിൽ മുഹമ്മദ് മനുഷ്യചരിത്രത്തിൽ യേശുവിന്റെയത്ര സ്വാധീനമുള്ള വ്യക്തിയായിരുന്നു എന്നു കാണാവുന്നതാണ്.

ഇതിനെല്ലാം പുറമെ, ക്രിസ്തുവിൽനിന്നും വിഭിന്നമായി, മുഹമ്മദ് ഒരു മതനേതാവെന്നപോലെ ലൗകികനും കൂടിയായിരുന്നു. യഥാർഥത്തിൽ അറബ് ജൈത്രയാത്രകളുടെ പ്രേരകശക്തിയെന്ന നിലയിൽ മുഹമ്മദ് എക്കാലത്തെയും ഏറ്റവും സ്വാധീനശക്തിയുള്ള രാഷ്ട്രീയ നേതാവാണ്.

പല പ്രധാന ചരിത്രസംഭവങ്ങളെക്കുറിച്ചും, ഒരു പ്രത്യേക രാഷ്ട്രീയ നേതാവിന്റെ മാർഗദർശനമില്ലായിരുന്നുവെങ്കിൽത്തന്നെയും അവ സംഭവിക്കുമായിരുന്നുവെന്ന് ഒരാൾക്ക് പറയാവുന്നതാണ്. ഉദാഹരണമായി, സൈമൺ ബോളിവർ ജനിച്ചില്ലായിരുന്നുവെങ്കിൽപോലും മിക്കവാറും സൗത്ത് അമേരിക്കൻ കോളനികൾ സ്പെയിനിൽനിന്നും സ്വാതന്ത്ര്യം നേടുമായിരുന്നു. എന്നാൽ അറബ് ജയിച്ചടക്കലുകളെക്കുറിച്ച് ഇങ്ങനെ പറയുവാൻ കഴിയില്ല. മുഹമ്മദിനുമുമ്പ് ഇതുപോലെയൊന്ന് സംഭവിച്ചിരുന്നില്ല; അദ്ദേഹമില്ലാതെതന്നെ അറബികൾ ആ ദിഗ്വിജയങ്ങൾ നടത്തുമായിരുന്നുവെന്ന് വിശ്വസിക്കുവാൻ യുക്തിപരമായ പഴുതുമില്ല. ചരിത്രത്തിൽ ഇവയ്ക്കു തുല്യമായ മറ്റൊരു ജയിച്ചടക്കൽ നടന്നത് പതിമൂന്നാം നൂറ്റാണ്ടിൽ മംഗോളിയന്മാരുടെ ജൈത്രയാത്രയായിരുന്നു; ഇത് പ്രാഥമികമായും ചെങ്കിസ്ഖാന്റെ സ്വാധീനഫലമായിട്ടായിരുന്നു. ഈ ദിഗ്വിജയങ്ങൾ അറബികളുടേതിനേക്കാൾ വലിയ തോതിലുള്ളവയായിരുന്നുവെങ്കിലും അവയൊന്നും സ്ഥിരമായി നിലനിൽക്കുകയുണ്ടായില്ല. ഇന്ന് മംഗോളിയരുടെ കൈവശമിരിക്കുന്ന ഭൂപ്രദേശങ്ങളാകട്ടെ ചെങ്കീസ്ഖാനു മുമ്പുതന്നെ അവരുടെ കൈക്കലുള്ളതാണ്. അറബികൾ നടത്തിയ ദിഗ്വിജയങ്ങളിൽനിന്നും അത് എത്രയോ ഏറെ വ്യത്യസ്തമത്രെ.

ഇറാഖ് മുതൽ മൊറോക്കോ വരെ അറബ് രാഷ്ട്രങ്ങളുടെ ഒരു ദീർഘശൃംഖല കിടക്കുന്നു. അവ ഏകീകരിക്കപ്പെട്ടിരിക്കുന്നത് തങ്ങളുടെ ഇസ്‌ലാമിക വിശ്വാസം കൊണ്ട് മാത്രമല്ല, അറബി ഭാഷ കൊണ്ടും ചരിത്രം കൊണ്ടും സംസ്കാരം കൊണ്ടും കൂടിയാണ്. മുസ്‌ലിം മതത്തിൽ ഖുർആനിന്റെ കേന്ദ്രീയസ്ഥാനവും അറബിഭാഷയിലാണ് അത് രചിക്കപ്പെട്ടിരിക്കുന്നതെന്ന യാഥാർഥ്യവും അറബി ഭാഷയെ പരസ്പരം മനസ്സിലാകാത്ത പ്രാദേശിക ഭാഷകളാക്കി അലങ്കോലപ്പെടുത്താതെ സംരക്ഷിച്ചു. അല്ലായിരുന്നുവെങ്കിൽ പതിമൂന്നു വർഷങ്ങൾക്കിടെ അപ്രകാരം സംഭവിക്കാനെത്രയോ എളുപ്പമായിരുന്നു. ഈ അറബ് രാജ്യങ്ങൾക്കിടയിൽ ഭിന്നതകളും വിഭജനങ്ങളും നിലനിൽക്കുന്നുവെന്നത് തീർച്ചയായും അംഗീകരിക്കപ്പെടാവതാണ്. എന്നാൽ എന്നും നിലനിന്നുപോന്ന ഐക്യത്തിന്റെ പ്രധാന ഘടകങ്ങളെ അറിഞ്ഞംഗീകരിക്കുന്നതിൽനിന്ന് ഭാഗികമായ അനൈക്യങ്ങളെക്കുറിച്ച ബോധം നമ്മെ അന്ധരാക്കരുത്. ഉദാഹരണമായി 1973–'74ലെ എണ്ണയുപരോധത്തിൽ ഇന്തോനേഷ്യയോ ഇറാനോ പങ്കെടുക്കുകയുണ്ടായില്ല. അറബ്‌രാഷ്ട്രങ്ങൾ മാത്രമാണ് ഉപരോധത്തിൽ പങ്കെടുത്തതെന്നത് ഒരു യാദൃച്ഛികതയല്ല.

അപ്പോൾ, നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, ഏഴാം നൂറ്റാണ്ടിലെ അറബ് ദിഗ്വിജയങ്ങൾ മനുഷ്യചരിത്രത്തിൽ ഇന്നോളം സുപ്രധാനമായ ഒരു പങ്കുവഹിച്ചിട്ടുണ്ടെന്നാണ്. മനുഷ്യചരിത്രത്തിൽ ഏറ്റവും സ്വാധീനമുള്ള ഒരേയൊരു വ്യക്തിയായി മുഹമ്മദിനെ വിലയിരുത്താൻ എന്നെ ബാധ്യസ്ഥനാക്കുന്നതു മുഹമ്മദിന്റെ അനുപമമായ ഈ മത–ഭൗതിക സംയോജനമാണ്. ●

**നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, ഏഴാം നൂറ്റാണ്ടിലെ അറബ് ദിഗ്വിജയങ്ങൾ മനുഷ്യചരിത്രത്തിൽ ഇന്നോളം സുപ്രധാനമായ ഒരു പങ്കുവഹിച്ചിട്ടുണ്ടെന്നാണ്. മനുഷ്യചരിത്രത്തിൽ ഏറ്റവും സ്വാധീനമുള്ള ഒരേയൊരു വ്യക്തിയായി മുഹമ്മദിനെ വിലയിരുത്താൻ എന്നെ ബാധ്യസ്ഥനാക്കുന്നതു മുഹമ്മദിന്റെ അനുപമമായ ഈ മത–ഭൗതിക സംയോജനമാണ്.**